**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6043** **09-11-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സാമൂഹിക വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ഹരിതകേരളം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ നൽകി വരുന്നു. വഴിയോരത്തണൽ, സ്ഥാപനവനവൽക്കരണം എന്നീ പദ്ധതികൾ മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെൻറ് സ്ഥാപനങ്ങൾക്കും സൗജന്യമായി വൃക്ഷത്തൈകൾ നൽകി വരുന്നു. വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും പ്രകൃതി സംരക്ഷണ അവബോധം വളർത്തുന്നതിന്റെ ഭാഗമായി പ്രകൃതി പഠന ക്യാമ്പുകൾ നടത്തി വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിലെ അരിയിൽ ഗവൺമെൻറ് യു.പി.സ്കൂളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വനമഹോത്സവത്തോടനുബന്ധിച്ച് മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി | വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|
| 1 | അജാനൂർ | 5000 |
| 2 | മടിക്കൈ | 6300 |
| 3 | ബളാൽ | 2100 |
| 4 | കള്ളാർ | 650 |
| 5 | കിനാനൂർ - കരിന്തളം | 2000 |
| 6 | കോടോം ബേളൂർ | 2000 |
| 7 | പനത്തടി | 1800 |
| 8 | കാഞ്ഞങ്ങാട് നഗരസഭ | 4000 |
| **ആകെ** | | **23850** |